LIBRARY ARCHIVES Kerala Legislative Assembly

## കോഴിക്കോട് ജില്ലയിലെ നോട്ടറി നിയമനത്തിനുള്ള അപേക്ഷ

197 (4356) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോട്ടറിയായി നിയമിക്കപ്പെടുന്നതിന് കോഴിക്കോട് ജില്ലയിൽ നിന്നുള്ള എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കോഴിക്കോട് ജില്ലയിൽ പുതുതായി എത്ര നോട്ടറിമാരെ നിയമിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ ആരെയൊക്കെ നോട്ടറിമാരായി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) നോട്ടറിയായി നിയമനം ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകളിന്മേൽ നടപടിക്കുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഇതുവരെ കോഴിക്കോട് ജില്ലയിൽ ആകെ 85 അപേക്ഷകൾ നിലവിലുണ്ട്.

(ബി) നോട്ടറി നിയമനങ്ങൾ ജില്ലതിരിച്ചുള്ള കണക്കിൽ നടത്താറില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ ആരെയും നോട്ടറിയായി നിയമിച്ചിട്ടില്ല.

(ഡി) സ്വീകരിക്കാവുന്നതാണ്.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ പുസ്തക പ്രസിദ്ധീകരണം

198 (4357) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെങ്കിലും പുസ്തകങ്ങളുടെ പ്രസിദ്ധീകരണവും വിതരണവും പാർലമെന്ററി അഫയേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) അവ എങ്ങനെ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ നാടുകടത്തൽ ശതാബ്ദിയോടനുബന്ധിച്ച് അദ്ദേഹത്തിന്റെ സമ്പൂർണ്ണ കൃതികൾ ആയിരം കോപ്പികൾ വീതമുള്ള അഞ്ചു വാല്യങ്ങളായി കേരള ഗ്രന്ഥശാലാ സഹകരണ സംഘംവഴി പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു വരുന്നു. ആയതിന്റെ രണ്ടു വാല്യങ്ങൾ പുറത്തിറങ്ങിക്കഴിഞ്ഞു. 2,500 രൂപ മുഖവിലയുള്ള അഞ്ചു വാല്യങ്ങൾക്കും കൂടി ഇൻസ്റ്റിറ്റ്യൂട്ടിന് കേരള ഗ്രന്ഥശാലാ സഹകരണ സംഘം തരുന്നത് 1,250 രൂപയ്ക്കാണ്. അതേ വിലയ്ക്കുതന്നെ സ്കൂൾ ലൈബ്രറികൾക്ക് വിതരണം ചെയ്യുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഈ പുസ്തകങ്ങൾ (1000 കോപ്പി) പൊതുവിദ്യാഭ്യാസ വകുപ്പിന് നൽകാനാണ് ഉദ്ദേശിക്കുന്നത്.

**ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ**

199 (4358) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസ് നടത്താൻ സംസ്ഥാനത്തിന് അനുമതി ലഭിച്ചതെന്നാണ് ; അതിനുശേഷം ഓരോ മാസവും പ്രസ്തുത ഗെയിംസുമായി ബന്ധപ്പെട്ട് നടത്തിയ പ്രവൃത്തികളുടെ സംക്ഷിപ്ത വിവരം നൽകുമോ ;

(ബി) ഗെയിംസ് നടത്തുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് എത്ര കോടി രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തുക കിട്ടിയതിനുശേഷം ദേശീയ ഗെയിംസ് നടത്തുന്നതിന് ഓരോ മാസവും എന്തെല്ലാം നിർമ്മാണ പ്രവൃത്തികൾക്ക് നടപടി സ്വീകരിച്ചു എന്നും ഓരോ മാസവും എന്ത് ചെലവ് വന്നുവെന്നും വ്യക്തമാക്കുമോ ;

ഉത്തരം

(എ) 35-ാമത് നാഷണൽ ഗെയിംസ് നടത്തുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടില്ല. നാഷണൽ ഗെയിംസിനുവേണ്ടിയുള്ള ബിഡ് 2008 നവംബർ മാസത്തിലാണ് ഒപ്പ് വച്ചത്. അതിനുശേഷം നടത്തിയ പ്രവൃത്തികളുടെ സംക്ഷിപ്ത രൂപം അനുബന്ധം 1 ആയി നൽകിയിട്ടുണ്ട്.*

(ബി) 110 കോടി രൂപ.

(സി) വിവരം അനുബന്ധം 2 ആയി നൽകിയിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly